# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.11.2024**

### പ്രധാനവാർത്തകൾ

1. പഠനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായി സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്ന പിഎം-വിദ്യാലക്ഷ്മി പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

2. യു എസ് പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയം നേടിയ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡോണൾഡ് ട്രംപിന് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

3. മുണ്ടക്കൈ- ചൂരൽമല ദുരന്തത്തിൽ ഇനിയും കണ്ടെത്താൻ അവശേഷിക്കുന്നവർക്ക് മരണ സർട്ടിഫിക്കറ്റ് നൽകാൻ നിയമനിർമാണം ഉൾപ്പെടെ ആലോചിക്കുമെന്ന് റവന്യൂമന്ത്രി കെ. രാജൻ.

4. വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ.

5. സംസ്ഥാനത്തെ 653 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായതായി മന്ത്രി വീണാ ജോർജ്.

6. സംസ്ഥാന സ്കൂൾ കായിക മേളയിൽ മേധാവിത്വം തുടർന്ന് തിരുവനന്തപുരം ജില്ല. കായികമേളയിലെ അത്ലറ്റിക്സ് മത്സരങ്ങൾക്ക് നാളെ തുടക്കമാവും.

**************************************

## കേന്ദ്രമന്ത്രിസഭാ തീരുമാനങ്ങൾ - ഇൻട്രോ

പഠനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായി സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്ന പിഎം-വിദ്യാലക്ഷ്മി പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. വിദ്യാർത്ഥികൾക്ക് ഈട് രഹിത വായ്പ, പദ്ധതിയിലൂടെ ഉറപ്പുവരുത്തുമെന്ന് മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. രാജ്യത്തെ 860 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടുന്ന 22 ലക്ഷത്തോളം വിദ്യാർത്ഥികൾക്കാണ് വായ്പാസഹായം ലഭ്യമാക്കുന്നത്. ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസം നേടുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ തടസ്സമാകാതിരിക്കാനാണ് പദ്ധതി.

(ഹോൾഡ് വോയ്സ്)

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് 10,700 കോടി രൂപയുടെ ഇക്വിറ്റി സമാഹരണത്തിന് അനുമതി നൽകാനും മന്ത്രിസഭ തീരുമാനിച്ചു.

RNUTVPM

*************************************

## മോദി -ട്രംപ്

യു എസ് പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ വിജയം നേടിയ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും മുൻ പ്രസിഡൻറുമായ ഡോണൾഡ് ട്രംപിന് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ആഗോള സമാധാനത്തിനും, സുസ്ഥിരതയ്ക്കുമായി ട്രംപിനോടൊപ്പം പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. 51 ശതമാനം വോട്ടോടെ 279 ഇലക്ടറൽ സീറ്റുകളിൽ വിജയം നേടിയാണ് അമേരിക്കയുടെ 47-ആം പ്രസിഡൻറായി ട്രംപ് ഭരണമുറപ്പിച്ചത്. ഡെമോക്രാറ്റ് സ്ഥാനാർത്ഥിയും,

നിലവിലെ വൈസ് പ്രസിഡൻറുമായ കമലാ ഹാരിസിന് 223 സീറ്റുകളാണ് നേടാനായത്. പെൻസിൽവാനിയ, ജോർജിയ അടക്കമുള്ള നിർണായക സംസ്ഥാനങ്ങളിൽ വിജയം നേടിയാണ് ട്രംപിൻറെ മടങ്ങിവരവ്.

************************************

## ധനസഹായം-മന്ത്രിസഭ

കാസർഗോഡ് വെടിക്കെട്ട് അപകടത്തിൽ മരണമടഞ്ഞ നാലുപേരുടെ ആശ്രിതർക്ക് സംസ്ഥാന ദുരിതാശ്വാസ നിധിയിൽ നിന്ന് 4 ലക്ഷം രൂപ വീതം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം. ഷൊർണ്ണൂർ റെയിൽവേ പാലത്തിൽ ശുചീകരണ പ്രവർത്തനത്തിനിടെ ട്രെയിൻ തട്ടി മരണമടഞ്ഞ തമിഴ്നാട് സ്വദേശികളുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 3 ലക്ഷം രൂപ വീതം അനുവദിക്കാനും ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു.

RNU TVPM

************************************

## കാലാവധി നീട്ടി -മന്ത്രിസഭ

സംസ്ഥാനത്ത് വിവിധ കേന്ദ്ര ഏജൻസികൾ നടത്തിവരുന്ന അന്വേഷണങ്ങൾ വഴിമാറുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് നിയമിച്ച ജസ്റ്റിസ് വി കെ മോഹനൻ അന്വേഷണ കമ്മീഷന്റെ കാലാവധി ആറ് മാസത്തേക്കു കൂടി നീട്ടി. സംസ്ഥാന മന്ത്രിസഭായോഗമാണ് ഇത് സംബന്ധിച്ച തീരുമാനം എടുത്തത്.

************************************

## കെ രാജൻ - വയനാട്

മുണ്ടക്കൈ ചൂരൽമല ദുരന്തത്തിൽ ഇനിയും കണ്ടെത്താൻ അവശേഷിക്കുന്നവർക്ക് മരണ സർട്ടിഫിക്കറ്റ് നൽകാൻ നിയമനിർമാണം ഉൾപ്പെടെ ആലോചിക്കുമെന്ന് റവന്യൂ മന്ത്രി കെ. രാജൻ. ദുരന്തത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും പുനരധിവാസം ഉറപ്പാക്കുമെന്നും അർഹതപ്പെട്ട മുഴുവൻ ആളുകളുടെ ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുമെന്നും അദ്ദേഹം കൽപ്പറ്റയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. തിരച്ചിൽ ഇനിയും ആവശ്യമെങ്കിൽ അതിനും സർക്കാർ തയ്യാറാണെന്നും മന്ത്രി വ്യക്തമാക്കി. മുനമ്പം വിഷയത്തിൽ പൂർണമായ തീരുമാനമെടുക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ സാധിക്കുമെന്നും, ഒരാളെയും ഇവിടെനിന്നും ഇറക്കിവിടില്ലെന്നും മന്ത്രി പറഞ്ഞു.

RNU TVPM

*************************************

## വയനാട് - മുഖ്യമന്ത്രി

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു. വയനാട് മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണ കൺവൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം സമയബന്ധിതമായി നടപ്പാക്കുമെന്നും ഇതിൽ യാതൊരു ആശങ്കയും വേണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഈ മാസം എട്ടിനും ഒൻപതിനും മൂന്നാംഘട്ട പ്രചാരണത്തിനായി മണ്ഡലത്തിലെത്തും. എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസിന്റെ പ്രചാരണത്തിനായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി വരുംദിവസങ്ങളിൽ

മണ്ഡലത്തിലെത്തും. ചേലക്കര, പാലക്കാട് ഉപതിരഞ്ഞെടുപ്പുകൾക്കുള്ള പ്രചാരണവും ശക്തമായി തുടരുകയാണ്.

*************************************

## പോലീസ് പരിശോധന - പാലക്കാട്

പാലക്കാട് കോൺഗ്രസ് വനിതാ നേതാക്കൾ താമസിച്ച ഹോട്ടൽമുറികളിൽ ഇന്നലെ രാത്രി നടന്ന പോലീസ് പരിശോധനയുമായി ബന്ധപ്പെട്ട് രാഷ്ട്രീയ വിവാദം കനക്കുന്നു. പോലീസ് നടപടിയിൽ പ്രതിഷേധിച്ച് യു.ഡി.എഫ് എസ്.പി. ഓഫീസിലേക്ക് നടത്തിയ മാർച്ച് കെ. പി. സി. സി. പ്രസിഡന്റ് കെ. സുധാകരൻ ഉദ്ഘാടനം ചെയ്തു. വിശദമായ അന്വേഷണം ആവശ്യപ്പെട്ട് എൽ. ഡി. എഫ് പോലീസ് മേധാവിക്കും എൻ. ഡി. എ തിരഞ്ഞെടുപ്പ് കമ്മീഷനും പരാതി നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിനിടെ പാലക്കാട്ട് ഇന്നലെ രാത്രി റെയ്ഡ് നടത്തിയ ഹോട്ടലിലെ സിസിടിവി ദൃശ്യങ്ങളുടെ ഹാർഡ് ഡിസ്ക് പൊലീസ് ശേഖരിച്ചു.

RNU TVPM

*************************************

## വയനാട് - ജില്ലാ കളക്ടർ

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത പുനരധിവാസ പ്രവർത്തനങ്ങൾക്ക് നിലവിൽ ഉദ്യോഗസ്ഥരുടെ അഭാവമില്ലെന്ന് ജില്ലാ കളക്ടർ ഡി.ആർ.മേഘശ്രീ. ജീവനക്കാരുടെ അഭാവം പുനരധിവാസ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്ന പ്രചാരണങ്ങൾ അടിസ്ഥാന രഹിതമാണെന്നും പുനരധിവാസ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം ബാധകമല്ലെന്നും ജില്ലാകളക്ടർ അറിയിച്ചു.

************************************

## വീണാ ജോർജ്

സംസ്ഥാനത്തെ 653 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായതായി മന്ത്രി വീണാ ജോർജ്. ക്യൂ നിൽക്കാതെ ആശുപത്രി അപ്പോയ്ൻറ്മെൻറ് വേഗത്തിൽ എടുക്കാനുള്ള സംവിധാനമാണിത്. മുഴുവൻ ആശുപത്രികളിലും ഇ ഹെൽത്ത് സംവിധാനം നടപ്പിലാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

************************************

## മാനുവൽ സ്കാവഞ്ചേഴ്സ് ഫ്രീ

RNU TVPM

പാലക്കാടിനെ മാനുവൽ സ്കാവഞ്ചർ ഫ്രീ ജില്ലയായി പ്രഖ്യാപിച്ചു. സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് സർവെ നടത്തിയ ശേഷമാണ് ജില്ലയിൽ തോട്ടിപ്പണി എടുക്കുന്നവർ ഇല്ലെന്ന് കണ്ടെത്തിയത്. ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉള്ളവർ 15 ദിവസത്തിനകം പാലക്കാട് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ഓഫീസിൽ അറിയിക്കണം.

************************************

## നിവിൻ പോളി

ചലച്ചിത്രതാരം നിവിൻ പോളിയെ ലൈംഗിക പീഡന കേസിൽ നിന്ന് പോലീസ് ഒഴിവാക്കി. ഇക്കാര്യം ചൂണ്ടിക്കാണിച്ച് പോലീസ് കോതമംഗലം കോടതിയിൽ റിപ്പോർട്ട് നൽകി. നടനെതിരെ കോതമംഗലം സ്വദേശിനിയായ യുവതി ഉയർത്തിയ ആരോപണത്തിന് തെളിവുകൾ ഇല്ലെന്നും പോലീസ് കോടതിയെ അറിയിച്ചു.

***********************************

## ഐഎസ്ആർഒ ചെയർമാൻ

ആകർഷകമായ അന്തരീക്ഷവും, അതിനെ പിന്തുണയ്ക്കുന്ന രാഷ്ട്രീയ അന്തരീക്ഷവും രൂപപ്പെടുത്തിയാൽ നിക്ഷേപങ്ങളും, വ്യവസായ സംരംഭങ്ങളും തുടങ്ങുന്നതിന് ആവശ്യമായ എല്ലാ ഘടകങ്ങളും സംസ്ഥാനത്ത് ഉണ്ടെന്ന് ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥ്. കൊച്ചിയിൽ സംഘടിപ്പിച്ച കോൺ ഫ്ലുവൻസ് 24 യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

***********************************

## കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ

സമുദ്രമത്സ്യ മേഖലയിൽ ഡ്രോൺ ഉപയോഗത്തിന്റെ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനായി കൊച്ചി CMFRI യിൽ വെള്ളിയാഴ്ച നടക്കുന്ന ബോധവൽകരണ ശിൽപശാല കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര ഫിഷറീസ് മന്ത്രാലയം, ഹൈദരാബാദിലെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, സിഎംഎഫ്ആർഐ എന്നിവിടങ്ങളിലെ വിദഗ്ധർ ക്ലാസ്സുകൾ നയിക്കും.

RNUTVPM

***********************************

## പത്തനംതിട്ട – ഇൻട്രോ

ആരോഗ്യ പരിപാലനത്തിൽ പുതിയ അധ്യായം രചിച്ച് മാതൃകയായി തുമ്പമൺ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഷി-വെൽനെസ് സെന്റർ. ജില്ലയിലെ ആരോഗ്യ.

കേന്ദ്രത്തിൽ ആരംഭിച്ച ആദ്യ വനിതാ ജിം എന്ന പ്രത്യേകതയും ഇതിനുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....**

(വോയ്സ്)

*************************************

## സ്കൂൾ കായികമേള

കൊച്ചിയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽ മേധാവിത്വം തുടർന്ന് തിരുവനന്തപുരം ജില്ല. ഗെയിംസ് ഇനങ്ങളിലെ 323 മത്സരങ്ങൾ പൂർത്തിയായപ്പോൾ 825 പോയിന്റുകളാണ് തിരുവനന്തപുരം നേടിയത്. 448 പോയിന്റോടെ കണ്ണൂർ രണ്ടാം സ്ഥാനത്തും, 424 പോയിന്റോടെ തൃശ്ശൂർ മൂന്നാം സ്ഥാനത്തുമാണ്. അക്വാട്ടിക്സ് മത്സര ഇനങ്ങളിലും 249 പോയിന്റുകളോടെ തിരുവനന്തപുരം ജില്ല ഒന്നാമതാണ്. കായികമേളയുടെ പ്രധാന ആകർഷണമായ അത്ലറ്റിക്സ് മത്സരങ്ങൾക്ക് പ്രധാനവേദിയായ മഹാരാജാസ് കോളേജ് മൈതാനത്ത് നാളെ തുടക്കമാകും. രാവിലെ 6.10 ന് സീനിയർ ആൺകുട്ടികളുടെ 5000 മീറ്റർ നടത്ത മത്സരത്തോടെയാണ് അത്‌ലറ്റിക്സ് മൽസരങ്ങൾ തുടങ്ങുന്നത്.

PIU TVPM

*************************************

## ഹരിതസഭ - കണ്ണൂർ - ഇൻട്രോ

മാലിന്യ നിർമാർജന സംവിധാനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷത്തോടെ ഈ വർഷം നവംബർ 14 നും എല്ലാ തദ്ദേശ ഭരണ

സ്ഥാപനങ്ങളിലും കുട്ടികളുടെ ഹരിതസഭ സംഘടിപ്പിക്കും. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിൻറെ ഭാഗമായാണ് ഹരിത സഭകൾ സംഘടിപ്പിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ....**

(വോയ്സ്)

**************************************************

**********************************

*********************

RNU TVPM